## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 621** **29.07.2015-ൽ മറുപടിക്ക്**

## ഗുണ്ടകളെ അമർച്ച ചെയ്യാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |
| (എ) ഗുണ്ടകളെ അമർച്ച ചെയ്യാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ ശക്തികളെയും നിയമപരമായി അമർച്ച ചെയ്യുന്നതിനുവേണ്ടി ഓപ്പറേഷൻ സുരക്ഷ എന്ന പ്രത്യേക പദ്ധതി 25.02.2015 മുതൽ പോലീസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 25.03.15 മുതൽ ആരംഭിച്ചു. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) (KAAP Act) നിയമപ്രകാരമുള്ള നടപടിയെടുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉൾപ്പെടെ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനുശേഷം നിയമ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുന്നവരെ അറസ്റ്റു ചെയ്യുക, കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള POCSO Act പ്രകാരം കേസെടുക്കുക, അബ്കാരി ആക്റ്റ്, എൻ.ഡി.പി.എസ് ആക്റ്റ് എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ, കള്ളനോട്ട്, അനധികൃത മണൽ ഖനനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുക എന്നിവ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഓപ്പറേഷൻ സുരക്ഷ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) പൊതുജനങ്ങൾക്ക് ജീവിക്കാൻ സ്വസ്ഥവും സമാധാനവുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക, സമൂഹത്തിന്റെ സൈ്വരജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നതു തടയുക എന്നിവ ലക്ഷ്യങ്ങളാണ്. കൂടാതെ പലസ്ഥലങ്ങളിലും സമൂഹത്തിന് ഭീഷണിയായി മാറുന്ന മണൽ മാഫിയ, മദ്യ മയക്കുമരുന്ന് മാഫിയ, സംഘടിത കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ക്വട്ടേഷൻ സംഘങ്ങൾ, ആസൂത്രിതമായി സ്ത്രീകളെ ചൂഷണം ചെയ്യുന്ന പെൺവാണിഭ സംഘങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്ന മാഫിയകൾ എന്നിവയെ പൂർണ്ണമായി അമർച്ച ചെയ്യുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സംഘടിത കുറ്റകൃത്യങ്ങൾക്കും മാഫിയ പ്രവർത്തനങ്ങൾക്കും |

എതിരായ പോലീസ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ സ്വീകരിക്കുന്നതിനാൽ ക്രമസമാധാന അന്തരീക്ഷം വളരെയധികം മെച്ചപ്പെട്ടു കഴിഞ്ഞു.

| | |
|---|---|
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) സാമൂഹ്യവിരുദ്ധ ഭീഷണി അമർച്ച ചെയ്യുന്നതിന് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി എ.ഡി.ജി.പി. ശ്രീ. അരുൺകുമാർ സിൻഹയെ ചുമതലപ്പെടുത്തി-യിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം ഇത് സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുകയും വിവരങ്ങൾ നടപടിക്കായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ